'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.918

30.10.2019 ന് മറുപടിയ്ക്ക്.

## മനുഷ്യ-വന്യജീവി സംഘര്‍ഷം ഒഴിവാക്കാന്‍ കുങ്കി ആനകള്‍

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എന്‍. ഷംസുദ്ദീന്‍<br>,, കെ.എം.ഷാജി<br>,, സി.മമ്മൂട്ടി<br>,, പാറക്കല്‍ അബ്ദുല്ല | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | വയനാട്,അട്ടപ്പാടി, പാലക്കാട്, മൂന്നാര്‍ എന്നീ പ്രദേശങ്ങളിലെ, രൂക്ഷമായ മനുഷ്യ-വന്യജീവി സംഘര്‍ഷം ഒഴിവാക്കുന്നതിനായി പ്രത്യേക പരിശീലനം നല്‍കിയ കുങ്കി ആനകളെ ഉപയോഗിക്കാനുള്ള എന്തെങ്കിലും പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; | (എ) | ഉണ്ട്. |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കേരളത്തിലെ ആന ക്യാമ്പുകളിൽനിന്നും തിരഞ്ഞെടുത്ത ആനകൾക്ക് കുങ്കി പരിശീലനം നൽകി, വന്യജീവി സംഘർഷം രൂക്ഷമായ പ്രദേശങ്ങളിൽ കുങ്കി ആനകളായി ഉപയോഗിച്ച് വരുന്നുണ്ട്. ഈ പ്രദേശങ്ങളിൽ നിരന്തരം കുങ്കി ആനകളെ ഉപയോഗിച്ച് പട്രോളിംഗ് നടത്തുന്നത് കാട്ടാനകൾ നാട്ടിലേയ്ക്കിറങ്ങുന്നത് ഒരു പരിധിവരെ തടയുവാൻ സഹായിക്കുന്നുണ്ട്. കൂടാതെ കാട്ടിൽനിന്നും നാട്ടിലിറങ്ങി ആക്രമണം നടത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേയ്ക്ക് കയറ്റി വിടുന്നതിനും, മറ്റ് ആവാസ വ്യവസ്ഥയിലേയ്ക്ക് മാറ്റുന്നതിനും കുങ്കി ആനകളുടെ സേവനം ഉപയോഗപ്പെടുത്തുന്നു. |
| (സി) | മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിന് വനംവകുപ്പിന്റെ നേതൃത്വത്തിലുള്ള ദ്രുതകർമ്മസേന ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി | മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിന് വനം വകുപ്പിന്റെ നേതൃത്വത്തിലുള്ള ദ്രുതകർമ്മസേന ശക്തിപ്പെടുത്തുന്നതിന് 12.11.2018 ന് കൂടിയ സംസ്ഥാന വന്യജീവി ബോർഡ് യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ദ്രുതകർമ്മസേന ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ